**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1850** **29-07-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറി സേവിംഗ്സ് അക്കൗണ്ട് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വാണിജ്യ ബാങ്കുകളുമായി സഹകരിച്ച് ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് അക്കൗണ്ടിലെ തുക ഓൺലൈനായി ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റാവുന്നതും, സേവിങ്ങ്സ് ബാങ്ക് ചെക്ക് ട്രഷറിയിൽ സമർപ്പിച്ചാൽ RTGS/NEFT മുഖേന തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. കൂടാതെ ബാങ്ക് അക്കൗണ്ടിലെ തുക ഇ-ട്രഷറി പോർട്ടൽ മുഖേന അക്കൗണ്ട് ഉടമയ്ക്ക് ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്. ട്രഷറിയിൽ സമർപ്പിക്കുന്ന ബാങ്ക് ചെക്ക് കളക്ഷൻ നടത്തി തുക അക്കൗണ്ട് ഉടമയുടെ ട്രഷറി സേവിങ്ങ്സ് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകുവാനും കഴിയുന്നതാണ്. |
| (ബി) | ട്രഷറി കോർ ബാങ്കിംഗ് സംവിധാനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കാമോ; | (ബി) | tsbonline.kerala.gov.in എന്ന ആപ്ലിക്കേഷൻ മുഖേന അക്കൗണ്ട് ഉടമകൾക്ക് ട്രഷറി സേവിങ്ങ്സ് അക്കൗണ്ടിൽ നിന്നും തുക ഓൺലൈനായി ബാങ്ക് അക്കൗണ്ടിലേക്കോ മറ്റ് ട്രഷറി അക്കൗണ്ടിലേയ്ക്കോ മാറ്റാവുന്നതും സേവിങ്ങ്സ് ബാങ്ക് ചെക്ക് ട്രഷറിയിൽ സമർപ്പിച്ചാൽ RTGS/NEFT മുഖേന തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകാനും കഴിയുന്നതാണ്. Internet banking, Debit Card/Credit Card, UPI, e-pos എന്നിങ്ങനെ ആധുനികമായ പണമിടപാട് സംവിധാനങ്ങൾ വഴി സർക്കാരിലേയ്ക്ക് സേവന നികുതി, മറ്റ് നികുതികൾ എന്നിവ ഒടുക്കുവാൻ ഇ-ട്രഷറി പോർട്ടൽ മുഖേന കഴിയുന്നതാണ്. മറ്റ് വകുപ്പുകളുടെ ആപ്ലിക്കേഷനുകളുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള സൗകര്യം, സർക്കാർ നൽകുന്ന സേവനങ്ങൾക്കുമുള്ള ഫീസ് ഒടുക്കൽ എന്നിവ കോർ ബാങ്കിംഗ് സംവിധാനം മെച്ചപ്പെടുത്തുവാനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളാണ്. |
| (സി) | ജീവനക്കാരുടെ ശമ്പളം ട്രഷറി അക്കൗണ്ട് വഴിയാക്കുന്നതിനായി സ്വീകരിച്ച നടപടികളെക്കുറിച്ച് | (സി) | ജീവനക്കാരുടെ ശമ്പളം ട്രഷറി അക്കൗണ്ട് വഴിയാക്കുന്നതിനായി ജീവനക്കാർക്ക് മാത്രമായി |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | എംപ്ലോയീസ് ട്രഷറി സേവിങ്ങ്സ് ബാങ്ക് (ETSB) അക്കൗണ്ട് എന്ന ഒരു പ്രത്യേക കാറ്റഗറി അക്കൗണ്ട് ആരംഭിക്കുകയുണ്ടായി. സ്പാർക്കിൽ നിന്നും ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ചാണ് ടി അക്കൗണ്ട് ആരംഭിച്ചത്. ഇ.ടി.എസ്.ബി അക്കൗണ്ടുകൾക്ക് ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ സൗകര്യം നൽകുകയുണ്ടായി. KYC ലഭ്യമാക്കിയതിന് ശേഷം ഇ.ടി.എസ്.ബി അക്കൗണ്ട് ഉടമകൾക്ക് ചെക്ക് ബുക്ക് നൽകുകയുണ്ടായി. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ടി അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുകയും ജീവനക്കാരൻ മുൻകൂട്ടി നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ടി അക്കൗണ്ടിലെ തുക മുഴുവനായിട്ടോ ഭാഗികമായിട്ടോ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്. ഇ.ടി.എസ്.ബി അക്കൗണ്ടിൽ തുക നിലനിർത്തുവാൻ ജീവനക്കാരെ പ്രേരിപ്പിക്കുന്നതിനായി ആകർഷകമായ പലിശ നൽകി വരുന്നു. ഇത്തരം അക്കൗണ്ടിൽ ഓരോ മാസത്തിലേയും നാലാം തിയതി മുതൽ പതിനെട്ടാം തിയതി വരെയുള്ള കുറഞ്ഞ നീക്കിയിരുപ്പ് തുകയ്ക്ക് വാർഷിക പലിശ 6% എന്ന നിലയ്ക്ക് തൊട്ടടുത്ത മാസത്തെ ആദ്യ പ്രവർത്തി ദിവസം തന്നെ പലിശ അക്കൗണ്ടിൽ വരവ് വെച്ച് നൽകുന്നു. |

സെക്ഷൻ ഓഫീസർ